ശ്രീ. യു. എ. ബീരാൻ : സർ, ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ പറഞ്ഞതുപോലെ മാവേലി വരുമ്പോഴെങ്കിലും നമ്മുടെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ നന്നാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം. ഇരിങ്ങാലക്കുടയിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങാൻ കഴിയുമോ എന്നകാര്യം ആലോചിച്ചേ പറയാൻ പറ്റൂ.

ശ്രീ. എം. വി. രാഘവൻ : സർ, ആന്ധ്രയിൽനിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനും വെയർഹൗസിംഗ് കോർപ്പറേഷനും അരി വാങ്ങിയിരുന്നു. ഈ രണ്ട് കോർപ്പറേഷനും വാങ്ങുന്നതുതമ്മിൽ വിലയ്ക്ക് വ്യത്യാസമുണ്ടോ ? ഇങ്ങനെ വെയർഹൗസിംഗ് കോർപ്പറേഷൻ ഇപ്പോഴും വാങ്ങുന്നുണ്ടോയെന്നറിയില്ല. മുമ്പ് അരി വാങ്ങിയിരുന്നതിൽ 30 പൈസയുടെ ഡിഫറൻസ് ഉണ്ടായിരുന്നു എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. യു. എ. ബീരാൻ : സർ, വെയർഹൗസിംഗ് കോർപ്പറേഷന്റെ വില എന്താണെന്ന് അറിഞ്ഞുകൂടാ.

പോലീസ് സ്റ്റേഷനിലെ വാഹനങ്ങൾക്ക് നൽകിവരുന്ന ഡീസൽ/പെട്രോൾ

*288. [346] ശ്രീ. രമേശ് ചെന്നിത്തല :
,, കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. രാഘവൻ മാസ്റ്റർ :
,, ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനിലെ ഒരു വാഹനത്തിന് പ്രതിവർഷം ശരാശരി എത്ര ലിറ്റർ ഡീസൽ/പെട്രോൾ നൽകിവരുന്നു ;

(ബി) ഡീസൽ/പെട്രോൾ ഇവ ആവശ്യത്തിന് ലഭിക്കാത്തതുമൂലം പോലീസ് വാഹനങ്ങൾ സ്റ്റേഷനിൽ ഇട്ടിട്ട്, പരാതിക്കാരിൽനിന്നും പ്രതികളിൽനിന്നും വാഹനം വാങ്ങി പോലീസ് ഉദ്യോഗസ്ഥൻമാർ ഉപയോഗിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിനും ഡീസൽ/പെട്രോൾ നൽകുന്നതിനും പെട്രോൾ ബങ്കുകൾക്ക് കൃത്യമായി പണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ശരാശരി 2,000 ലിറ്റർ വീതം നൽകിവരുന്നു.

(ബി) ഇങ്ങനെ ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) പരാതിക്കിടവരാൻ പാടില്ലെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കനുസരിച്ച് ഒരു ദിവസത്തേക്ക് 7 ലിറ്റർ എണ്ണയാണ് ഒരു സ്റ്റേഷനിലെ വാഹനത്തിന് കിട്ടുന്നത്. വിസ്തൃതമായ പ്രദേശങ്ങൾ അധികാരാതിർത്തി ആയിട്ടുള്ള സ്റ്റേഷനുകൾക്ക് ഇത് മതിയാവുകയില്ല. ഇത് കണക്കിലെടുത്ത് എണ്ണയുടെ അളവ് കൂട്ടിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി . സർ, ഇങ്ങനെ ഒരു പരിധി വച്ചിരിക്കുന്നത് പെട്രോളിനേറയും, ഡീസലിനേറയും ദുരുപയോഗം തടയുക എന്ന ലക്ഷ്യത്തോടെയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില സ്റ്റേഷനുകളുടെ വിസ്തൃതിയുടേയും ഭൂപ്രകൃതിയുടേയും അടിസ്ഥാനത്തിൽ കൂടുതൽ ചെലവ് ഉണ്ടാകും. ഇങ്ങനെയുള്ള കാര്യം പ്രത്യേകം പരിഗണിക്കാമെന്നല്ലാതെ ദുരുപയോഗം ഉണ്ടാകുമെന്നുള്ളതുകൊണ്ട് പൊതുനിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. കെ.കെ. തോമസ് : സർ, പല പോലീസ് സ്റ്റേഷനുകളിലേയും വാഹനങ്ങൾ വളരെ പഴയതാണ്. എന്റെ നിയോജകമണ്ഡലം പോലെയുള്ള ശൈത്യപ്രദേശങ്ങളിൽ രാവിലെ വാഹനം ചൂടാക്കിയെടുക്കുന്നതിനുപോലും ഇന്നു നൽകുന്ന എണ്ണ മതിയാകുന്നില്ല. ഇങ്ങനെയുള്ള പോലീസ് സ്റ്റേഷനുകൾക്ക് പുതിയ വാഹനങ്ങൾ കൊടുക്കുകയും ശൈത്യപ്രദേശങ്ങൾക്ക് അനുവദിക്കുന്ന എണ്ണയുടെ പരിധി ഉയർത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : സർ, ഇപ്പോഴത്തന്നെ വാഹനം ഇല്ലാത്ത സ്റ്റേഷനുകളുള്ളപ്പോൾ ഒന്നിൽ കൂടുതൽ വാഹനം കൊടുക്കാൻ വിഷമമാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, ഗിരിവർഗ്ഗമേഖലകളും പോലീസ് സ്റ്റേഷനുകളിൽ നിന്നും വളരെ അകന്നുനിൽക്കുന്നവയാണ്. ഗിരിവർഗ്ഗക്കാർ നൽകുന്ന പരാതിയിലെ എതിർകക്ഷികളും സാമ്പത്തിക ശേഷിയുള്ളവരായിരിക്കും. ഗിരിവർഗ്ഗക്കാർക്ക് പലപ്പോഴും വാഹനങ്ങൾ പിടിക്കാൻ സാധിക്കാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് ആദിവാസികളുടെ കേസ് വരുമ്പോൾ അതിനെന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. വയലാർ രവി : ഗവൺമെന്റ് അടുത്ത കാലത്ത് കൊടുത്ത ഒരു നിർദ്ദേശത്തിൽ ആദിവാസികളുടേയും മലയിടുക്കുകളിൽ താമസിക്കുന്ന ഹരിജനങ്ങളുടേയും പരാതി കേൾക്കാൻ പോലീസ് ഉദ്യോഗസ്ഥന്മാർ ആ പ്രദേശങ്ങൾ സന്ദർശിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. ബെന്നി ബഹനാൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാങ്ങിയ വാഹനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ ? അതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും 1985-86-ലേക്ക് അതിനുവേണ്ടി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ശ്രീ. വയലാർ രവി : സർ, ഈ ഗവൺമെന്റ് 254 ജീപ്പും 74 മീഡിയം വെഹിക്കിളും 155 വലിയ വാഹനങ്ങളും 35 മോട്ടോർ സൈക്കിളും 15 കാറും വാങ്ങിയിട്ടുണ്ട്. അതിന് 1982-83-ൽ 123 ലക്ഷം രൂപയും 1983-84-ൽ 210 ലക്ഷം രൂപയും 1984-85-ൽ 95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ 73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. ബെന്നി ബഹനാൻ : സർ, പോലീസ് സ്റ്റേഷനുകളിൽ പലപ്പോഴും ഡ്രൈവർമാരുടെ അപര്യാപ്തത ഉണ്ടാകുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ഡ്രൈവർമാരുടെ എണ്ണവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : സർ, ഡ്രൈവർമാരുടെ അപര്യാപ്തതകൊണ്ട് പല പോലീസ് സ്റ്റേഷനുകളിലും ജോലിക്കൂടുതലും ബുദ്ധിമുട്ടും ഉണ്ടാകുന്നു എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ഒരു ഡി.വൈ.എസ്.പി. യുടേയോ ഒരു സർക്കിൾ ഇൻസ്പെക്ടറുടേയോ കീഴിൽ ഒന്നിൽ കൂടുതൽ ഡ്രൈവർമാരെ പൂളു ചെയ്യാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നതാണ്.

ശ്രീ. കെ.പി.എ. മജീദ് : സർ, കഴിഞ്ഞ ട്രാഫിക് വാരാഘോഷത്തോടനുബന്ധിച്ച് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുളത്തൂർ പോലീസ് സ്റ്റേഷനിലെ ജീപ്പ് ബന്ധപ്പെട്ടവർ കൊണ്ടുപോയി പെയിൻറടിച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പരാതിയുമായി ആരെങ്കിലും ചെന്നാൽ പരാതിയോടൊപ്പം തന്നെ വാഹനവും കൊണ്ടുചെല്ലേണ്ട ഒരു പരിതഃസ്ഥിതിയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി ആ വാഹനം തിരിച്ചുകൊടുക്കാനോ അല്ലെങ്കിൽ പുതിയ വാഹനം കൊടുക്കാനോ ഉള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : സർ, വാഹനങ്ങൾ ഇല്ലാത്ത സ്റ്റേഷനുകളുടെ പട്ടികയിൽ അദ്ദേഹത്തിന്റെ സ്റ്റേഷൻ പെട്ടിട്ടില്ല. അവിടത്തെ ഒരു വാഹനം പോയിട്ടുണ്ടെങ്കിൽ എത്രയും വേഗം മറ്റൊരു വാഹനം കൊടുക്കുന്നതിന് പുതിയ വാഹനം വരുന്നതിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, വാഹനങ്ങളുള്ള പോലീസ് സ്റ്റേഷനുകൾക്ക്, ആവശ്യമുള്ളതിന്റെ ചെറിയൊരു ശതമാനം പെട്രോളും ഡീസലും മാത്രമേ കൊടുക്കുന്നുള്ളൂ. വാഹനങ്ങൾ ഇല്ലാത്ത നിരവധി പോലീസ് സ്റ്റേഷനുകളുണ്ട്. വാഹനങ്ങളില്ലാത്ത, വിശേഷിച്ചും നാട്ടിൻപുറങ്ങളിലെ ഗതാഗതസൗകര്യം കുറഞ്ഞ പ്രദേശങ്ങൾക്ക് വാഹനങ്ങൾ കൊടുക്കുവാനും വാഹനങ്ങളുള്ള പോലീസ് സ്റ്റേഷനുകളിൽ കൊടുക്കുന്ന ഡീസലിന്റേയും പെട്രോളിന്റേയും തോത് വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : സർ, നാൽപതോളം പോലീസ് സ്റ്റേഷനുകളിൽ വാഹനങ്ങളില്ല. ഈ വർഷം വാങ്ങുന്ന വാഹനങ്ങൾ വരുമ്പോൾ അവിടെ കൊടുക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പെട്രോളും ഡീസലും കൊടുക്കുന്നതിന്റെ കശർനത്വം മാറ്റാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പരിതഃസ്ഥിതിക്കനുസരിച്ച് തീരുമാനം എടുക്കാനുള്ള അധികാരം ജില്ലാ സൂപ്രണ്ടിനുണ്ട്. അതിനപ്പുറത്തേക്ക് പോയാൽ ആരോപണം ഉണ്ടാകുമെന്നുള്ളതുകൊണ്ട് അങ്ങനെയൊരു നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. പന്തളം സുധാകരൻ : സർ, സംസ്ഥാനത്തെ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ പല പോലീസ് സ്റ്റേഷനുകളിലും പോലീസ് ഉദ്യോഗസ്ഥൻമാർ കക്ഷികളിൽനിന്നുതന്നെ വാഹനങ്ങൾ വാങ്ങി പ്രതിയെ പിടിക്കാൻ പോകേണ്ട ഗതികേടുണ്ടാകുന്നത് പലപ്പോഴും വാഹനങ്ങൾ ഉള്ള സ്റ്റേഷനിൽപോലും എത്ര ലിറ്റർ പെട്രോൾ അനുവദിച്ചാലും വാഹനങ്ങൾ ഓടാത്ത രീതിയിൽ കട്ടപ്പുറത്ത് വണ്ടിവച്ചിരിക്കുന്നതുകൊണ്ടാണെന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ മെയിൻറനൻസിന് വർക്ക്ഷോപ്പിൽ കൊണ്ടുപോകാൻ കഴിയാതെ കേടായി തുരുമ്പു പിടിച്ചുകിടക്കുന്ന ഇരുമ്പ് വിലയ്ക്കുപോലും വിൽക്കാൻ കഴിയാത്ത വാഹനങ്ങൾ സംരക്ഷിക്കുവാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ ? അതിന് കൂടുതൽ ഫണ്ട് അലോട്ട് ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : അങ്ങനെ വാഹനങ്ങളൊന്നും കട്ടപ്പുറത്തിരിക്കുന്നില്ല. അപൂർവ്വമായി ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. വാഹനങ്ങൾ നന്നാക്കുന്നതിന് ഗവൺമെൻറിൻെറതായ ചില ചിട്ടവട്ടങ്ങൾ ഉണ്ട്. അതിനകത്ത് നിന്നുകൊണ്ടുമാത്രമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു. എങ്കിലും തിരുവനന്തപുരത്തുള്ള വർക്ക്ഷോപ്പിൽ വാഹനങ്ങൾ നന്നാക്കുന്നുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ നിയമപരമായിട്ട്.മാത്രമേ ചെയ്യാൻകഴികയുള്ളു.

ശ്രീ. വി. ജെ. തങ്കപ്പൻ : കുറെകൃത്യങ്ങൾ തടയുന്നതിന് ഏറെവും ഫലപ്രദമായ മാർഗ്ഗങ്ങളിലൊന്ന് നൈറ്റ് പട്രോളിങ്ങാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും നൈറ്റ് പട്രോളിംഗ് ആവശ്യവുമാണ്. അതിനുള്ള പണം ഇല്ലാത്ത സ്ഥിതിക്ക് നൈറ്റ് പട്രോളിങ്ങിന് ഏറെവും ആവശ്യമായ പോലീസ് സ്റ്റേഷൻ കണ്ടുപിടിച്ച് ആ പോലീസ് സ്റ്റേഷനിലെങ്കിലും നൈറ്റ് പട്രോളിങ്ങ് നടത്തുന്നതിന് ആവശ്യമായ പെട്രോളോ ഡീസലോ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : നൈറ്റ് പട്രോളിൽ മിക്കവാറും എല്ലാ സ്റ്റേഷനിലും നടപ്പിലാക്കിയിട്ടുണ്ട്. നാട്ടുമ്പുറത്തായാൽപോലും പട്രോളിങ്ങ് വേണമെന്നുതന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്, കൂടുതൽ വർദ്ധിപ്പിക്കണം എന്ന് തോന്നുന്ന അവസരങ്ങളിൽ നിശ്ചയമായും പരിഗണിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചപോലെ തന്നെ നൈറ്റ് പട്രോളിങ്ങ് നിർബന്ധമാക്കാൻ നടപടികളെടുത്തിട്ടുണ്ട്. പ്രത്യേകിച്ച് മൂന്ന് കോർപ്പറേഷൻ നഗരങ്ങളിൽ, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവടങ്ങളിൽ വളരെ വ്യാപകമാക്കുകയും നൈറ്റ് പട്രോളിങ്ങ് മാത്രമല്ല വാഹനങ്ങൾ സ്റ്റേഷൻ ചെയ്തും ആവശ്യമനുസരിച്ച് വേഗത്തിലെത്താനുള്ള സൗകര്യങ്ങളുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : വിസ്തൃതിയേക്കാൾ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ പെട്രോൾ ആവശ്യമാണ്. ആ കാര്യം പരിഗണിക്കുന്നതോടൊപ്പം ഇന്ന് പന്തളം സുധാകരൻ പറഞ്ഞതുപോലെ പോലീസ് സ്റ്റേഷനിലെ വാഹനങ്ങളുടെ പ്രായം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേക്കാൾ കൂടുതലാണ്. ആഭ്യന്തരമന്ത്രിയുടെ പ്രായമുള്ള വണ്ടികൾതന്നെ ചുരുക്കമാണ്. ഇന്നത്തെ നിയമമനുസരിച്ച് വണ്ടി നന്നാക്കുന്നതിന് ഹെഡ്കാർട്ടേഴ്സിൽ നിന്ന് അനുവാദം വാങ്ങിച്ച്, ഉദാഹരണത്തിന് വണ്ടിയുടെ ഒരു സ്റ്റാർട്ടർ പോയാൽമതി ആ സ്റ്റാർട്ടർ മാറുന്നതിനുവേണ്ടി ചീഫ് ഓഫീസിൽനിന്നും അനുവാദം വാങ്ങിച്ച് അത് മെയിൻറനൻസ് നടത്തേണ്ട ഗതികേടാണ് ഉള്ളത്. ഒരു മാസം കഴിഞ്ഞാൽപ്പോലും വണ്ടി നന്നാക്കി കിട്ടുകയില്ല. നമ്മുടെ സബ് ഇൻസ്പെക്ടർമാർ മാന്യൻമാർണ് എന്ന വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ അവർക്കുതന്നെ ലോക്കൽ പർച്ചേസ് നടത്താനുള്ള അനുവാദം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. വയലാർ രവി : അദ്ദേഹം ആദ്യം പറഞ്ഞ കാര്യത്തിൻെറ അടിസ്ഥാനമായി ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിൽ കൂടുതൽ പെട്രോൾ അനുവദിക്കുന്ന കാര്യം ആലോചിക്കാം. രണ്ടാമത് പോലീസ് ഇൻസ്പെക്ടർമാർക്ക് പ്രത്യേകമായ അനുമതി നൽകാൻ നിവൃത്തിയില്ല. ഗവൺമെൻറിൻെറ ചിട്ടവട്ടങ്ങൾക്കുള്ളിൽ നിന്ന് പുറത്തുപോകാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പോലീസ് വാഹനങ്ങളിൽനിന്ന് പെട്രോളും ഡീസലും ചോർത്തിയെടുത്ത് വിൽപന നടത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ? അത്തരം ആളുകൾക്ക് എതിരായി എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. വയലാർ രവി : അങ്ങനെ ചില കേസുകൾ ശ്രദ്ധയിൽപ്പെടുകയും അതിനുത്തരവാദികളായ ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുകയും സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചിലരെ പിരിച്ചുവിട്ടിട്ടുമുണ്ട് എന്നാണ് എന്റെ ഓർമ്മ.

ശ്രീ. ഒ. രേതൻ : പെട്രോൾ, ഡീസൽ തുടങ്ങിയവ ഇല്ല എന്ന പേരു പറഞ്ഞ് പോലീസ് സ്റ്റേഷനിലെ വാഹനങ്ങൾ ഉപയോഗിക്കാതെ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ച വകയിൽ 1984-85 വർഷത്തിൽ എത്ര സംഖ്യ ഗവൺമെന്റിന് ചെലവായിട്ടുണ്ട് ?

ശ്രീ. വയലാർ രവി : അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈയിലില്ല.

ശ്രീ. കെ. മുഹമ്മദാലി : നമ്മുടെ പല പോലീസ് സ്റ്റേഷനുകളിലും ഉപയോഗയോഗ്യമായ വാഹനങ്ങളുടെ കുറവുമൂലം പലപ്പോഴും പോലീസുകാർ വാദികളുടേയും പ്രതികളുടേയുമൊക്കെ വാഹനങ്ങളെ ആശ്രയിക്കുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? അങ്ങനെയൊരു സാഹചര്യം ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : അങ്ങനെ ചില ആക്ഷേപങ്ങളും പരാതികളുമുണ്ടായതിനെ തുടർന്ന് പരാതിക്കാരുടെ വാഹനത്തിൽ കേസന്വേഷണത്തിന് പോകരുതെന്നും അതു ജനങ്ങൾക്ക് അവിശ്വാസം വളർത്തുമെന്നുള്ളതുകൊണ്ട് അത് ഒഴിവാക്കണമെന്നുമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. ഇ. പത്മനാഭൻ : ഡീസൽ, പെട്രോൾ ഇവ വാങ്ങാൻ പണമില്ലാത്തതുകൊണ്ട് കേസ് അന്വേഷിക്കാൻ പോകുന്നത് കക്ഷികൾ എത്തിച്ചുകൊടുക്കുന്ന സ്വകാര്യ വാഹനങ്ങളിലാണെന്ന ഒരു പരാതി പരക്കെയുണ്ട്. പോലീസുകാരെ കണ്ടാൽ നിറുത്താത്തബസില്ല. രാജ്യത്ത് ധാരാളം ബസുമുണ്ട്. ബസുടമകൾ പറയുന്നത് എല്ലായിടത്തും അധികം ബസ് സാണ് റൂട്ട് കൊടുക്കുന്നതെന്നാണ്. സ്പെഷ്യൽ കണ്ടെയൻസിലേ പരാതി അന്വേഷിക്കാൻ പോകൂ എന്നുള്ളത് തിരുത്താൻ വല്ല നടപടിയുമെടുക്കുമോ ?

ശ്രീ. വയലാർ രവി : ഇത് ഓരോ പോലീസ് സ്റ്റേഷനെയും ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. എങ്കിലും അന്വേഷണത്തിന് ജീപ്പുതന്നെ വേണമെന്ന നിർബന്ധം കാണിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. കേസന്വേഷിക്കാൻ ഉൾപ്രദേശങ്ങളിൽ വാഹനങ്ങളിൽ പോകണമെന്ന് നിർബന്ധം ഇല്ല. പെട്ടെന്ന് നടക്കുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ജീപ്പിൽ പോകാതിരിക്കാൻ നിവൃത്തിയില്ല. മറ്റുള്ള വാഹനങ്ങളും പോലീസുകാർ ഉപയോഗിക്കേണ്ടത് ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : കുട്ടനാട് സർക്കിൾ ഓഫീസ് മാത്രമാണ് ഒരു ജീപ്പില്ലാത്ത ഒരു സർക്കിൾ സ്റ്റേഷൻ ഇന്ന് കേരളത്തിലുള്ളത്. അവിടെ ഇപ്പോൾ ഉള്ളത് ഒരു വലിയ ബോട്ടാണ്. വലിയ ആറുകളിൽ കൂടി പോകുന്നതുകൊണ്ട് എല്ലായിടത്തും എത്തിച്ചേരാൻ കഴിയുകയില്ല. ഇപ്പോൾ അവിടെ കുറെയൊക്കെ റോഡുകളും ഉണ്ടായിട്ടുണ്ട്. ജീപ്പ് ഓടാനുള്ള സൗകര്യമുണ്ടായിരിക്കുന്ന സ്ഥിതിക്ക് കുട്ടനാട് സർക്കിൾ സ്റ്റേഷന്റെ എല്ലാ ഭാഗത്തും ഏറ്റവും കൂടുതൽ വേഗത്തിൽ എത്തിച്ചേരുവാൻ വേണ്ടി ഒരു ജീപ്പ് ഇക്കൊല്ലംതന്നെ കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : റോഡില്ലാത്തിടത്ത് ജീപ്പ് ഓടിക്കാനുള്ള വിഷമം അങ്ങേയ്ക്ക് അറിയാം. കുട്ടനാട്ടിൽ അവശ്യം വേണ്ടത് ഒരു ബോട്ടായതുകൊണ്ട് സാമാന്യം നല്ല ഒരു ബോട്ട് കൊടുത്തിട്ടുണ്ട്. അവിടെ രണ്ടേരണ്ടു പ്രധാനപ്പെട്ട റോഡുകളേയുള്ളു. അതിലേ പോകുന്നതിന് മറ്റു പോലീസ് സ്റ്റേഷനിൽ ജീപ്പുള്ളതാണ്. കുട്ടനാട്ടെ പോലീസ് സ്റ്റേഷനുകൾക്ക് ചെറിയ സ്പീഡ് ബോട്ടുകൾ കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അപ്പോൾ അത് പരിഗണിക്കാം.

ശ്രീ. പി. സീതിഹാജി : ഇത്രയധികം വാഹനങ്ങളുള്ള ഒരു ഡിപ്പാർട്ടുമെന്റിന് റിപ്പയറിനും മറ്റുമൊക്കെ കാലതാമസം നേരിടുന്നതുകൊണ്ട് സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്ത് - പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽത്തന്നെ ഒരു വർക്ക്ഷോപ്പ് തുടങ്ങിയാൽ ഈ വണ്ടികളുടെ അറ കുറ്റപ്പണികൾ തീർത്തു സമയത്ത് എത്തിച്ചുകൊടുക്കാൻ കഴിയുകയില്ലേ? അതിനെപ്പറ്റി ഗവൺമെന്റ് ചിന്തിക്കുമോ ?

ശ്രീ. വയലാർ രവി : ഇവിടെ അങ്ങനെയൊരു വർക്ക്ഷോപ്പ് തിരുവനന്തപുരത്തുണ്ട്. ആ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് പല സാങ്കേതിക കാരണങ്ങൾ കൊണ്ടുമാണ് നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : 'എ' ക്ക് ഉത്തരമായിട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിന്റെ ലിമിറ്റായിരിക്കും. പല പോലീസ് സ്റ്റേഷനുകളിലും ഈ ലിമിറ്റ് വളരെയധികം എക്സീഡ് ചെയ്തു വരുന്നുണ്ട്. ഇതൊന്ന് മോണിറ്റർ ചെയ്തിട്ട് പെട്രോൾ, ഡീസൽ കൺസംപ്ഷൻ കഴിയുന്നത്ര കുറക്കുവാനായിട്ടുള്ള പരിശ്രമം ഗവൺമെന്റ് ചെയ്യുന്നുണ്ടോ?

ശ്രീ. വയലാർ രവി : കൂടുതൽ ചെലവാക്കുന്ന കാര്യങ്ങൾക്ക് അത് ചെലവാക്കുന്ന ഉദ്യോഗസ്ഥനിൽ നിന്ന് പണം ഈടാക്കാനുള്ള ചില നടപടികൾ ചില കേസുകളിൽ എടുത്തിട്ടുണ്ട്. അതിനുള്ള അധികാരം സൂപ്രണ്ടുമാർക്കുണ്ട്. അവരതു സ്വീകരിച്ചതായിട്ടുള്ള ഒരു പരാതിയുമായിട്ടു തന്നെ എന്റെടുക്കൽവരുകയുണ്ടായി. കഴിയുന്നത്ര ഇതിന്റെ ഉപയോഗം കുറയ്ക്കണം എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളതെങ്കിലും ധാരാളം പൊതുപരിപാടികളും മറ്റു കാര്യങ്ങളുമൊക്കെ നടക്കുമ്പോൾ പോലീസ് പെട്ടെന്ന് എത്തിച്ചേരുന്നതിന് ശ്രമിക്കുന്നതുകൊണ്ട് ആ രീതിയിൽ കൂടുതൽ ചെലവുള്ളതുകൊണ്ടാണ് ഇതു വന്നിട്ടുള്ളത്. എങ്കിലും പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും ഇന്നുള്ളത് കൂട്ടാതിരിക്കാനുമുള്ള നടപടികൾ ആണ് എടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly